## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1217** — **11.06.2019 ൽ മറുപടിക്ക്**

## കുറുങ്കോട്ട പാലത്തിന്റെ നിർമ്മാണപ്രവൃത്തികൾ

| ചോദ്യം<br>**ശ്രീ.ജോൺ ഫെർണാണ്ടസ്** | മറുപടി<br>**ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
|---|---|
| (എ) 2016-2017 ലെ ബജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുള്ള എറണാകുളം ജില്ലയിലെ കുറുങ്കോട്ട ദ്വീപിൽ നിന്നും വട്ടുതല ഭാഗത്തുള്ള സെന്റ് പീറ്റേഴ്സ് റോഡുമായി ബന്ധിപ്പിക്കുന്ന കുറുങ്കോട്ട പാലത്തിന്റെ നിർമ്മാണപ്രവൃത്തി ആരംഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കുമോ; | (എ) ഡിസൈൻ ലഭിച്ച പ്രകാരം നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് പാലത്തിന്റെ ഇരുഭാഗങ്ങളിലും ഏകദേശം 200 മീറ്റർ നീളത്തിലും 20 മീറ്റർ വീതിയിലും സ്ഥലം ആവശ്യമാണ്. വട്ടുതല ഭാഗത്ത് പ്രദേശവാസികളുടെ എതിർപ്പ് മൂലം ഒരു ബോർ ഹോളിന്റെ ഡീറ്റെയിൽസ് മാത്രമേ മണ്ണ് പരിശോധന സമയത്ത് എടുത്തിട്ടുള്ളൂ. TGD പ്രകാരം വട്ടുതല ഭാഗത്ത് 3 ലാൻഡ് സ്പാനുകളാണ് നിർദ്ദേശിച്ചിരിക്കുന്നത്. ലാൻഡ് സ്പാൻ കഴിഞ്ഞ് Existing road level എത്തുന്നതിനു ഏകദേശം 80.00M ഓളം Embankment length വരും. ഇത് ഉൾപ്പെടെ 5 point ൽ confiramatory bore hole details എടുക്കുന്നതിനും Traffic Volume Survey നടത്തുന്നതിനും cost benefit analysis report തയ്യാറാക്കുന്നത് ഉൾപ്പെടെ 7,60,00/-(ഏഴു ലക്ഷത്തി അറുപതിനായിരം) രൂപയുടെ അഡീഷണൽ എസ്റ്റിമേറ്റ് കിഫ്ബിയിൽ ഉൾപ്പെടുത്തി സാങ്കേതികാനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിരിക്കുകയാണ്. |
| (ബി) പാലത്തിന്റെ അലൈൻമെന്റ് ദേശീയ ജലപാതയുടെ പരിധിക്കുള്ളിൽ വരില്ലെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയറും പരിധിക്കുള്ളിൽ വരുമെന്ന് ചീഫ് എഞ്ചിനീയറും റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഹൊറിസോണ്ടൽ ക്ലിയറൻസും വെർട്ടിക്കൽ ക്ലിയറൻസും ലഭിക്കുന്നതിനായി ജലസേചന വകുപ്പിലേക്കയച്ച ഫയലിൽ ക്ലിയറൻസ് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് എന്നത്തേക്ക് ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ; | (ബി) ക്ലിയറൻസ് ലഭിച്ചിട്ടുണ്ട് |

(സി) നടപടികൾ പൂർത്തിയാക്കി പാലത്തിന്റെ പണി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ?

(സി) അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലം ലഭിച്ചാൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ